# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6524** **11-07-2024 - ൽ മറുപടിയ്ക്ക്**

## വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് എന്ന പ്രവൃത്തിക്ക് 01/11/2016 തീയതിയിലെ G.O (Rt) No 1502/2016/PWD ഉത്തരവ് പ്രകാര നൽകിയ തത്വത്തിലുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ മലപ്പുറം PWD റോഡ്സ് വിഭാഗം മുഖേന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പ്രാഥമികഘട്ടത്തിൽ നടത്തിയിരുന്നു. എന്നാൽ പ്രസ്തുത അലൈൻമെൻറ് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് വളാഞ്ചേരി നിലംബൂർ റോഡിലെ വൈക്കത്തൂർ എന്ന സ്ഥലത്ത് നിന്ന് തുടങ്ങി കൊപ്പം വളാഞ്ചേരി റോഡ് വഴി പനവേൽ-കൊച്ചി-കന്യാകുമാരി നാഷണൽ ഹൈവേ 66 ലെ ഒണിയപാലം എന്ന സ്ഥലത്തു അവസാനിക്കുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് നിർദ്ദേശം ഉയർന്നു വന്നു. അതിൻറെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി-യിൽ നിന്നും പുതിയ അലൈമെന്റിലൂടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പുതുക്കിയ DPR തയാറാക്കുന്നതിന് ഡിസൈൻ വിങ്ങിനു നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 05-06-2024 തീയതിയിൽ RIQCL കോഴിക്കോട് വിഭാഗം KRFB ഉദ്യോഗസ്ഥരുമായി പ്രാഥമിക സ്ഥലപരിശോധന നടത്തിയിരുന്നു. ഇൻവെസ്റ്റിഗേഷൻ വർക്കുകൾ RIQCL നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. നിലവിൽ ഈ പ്രവൃത്തിയുടെ Reconnaissance സർവ്വെ പൂർത്തീകരിച്ചു മറ്റ് ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കോഴിക്കോട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് എന്ന പ്രവൃത്തിക്ക് 01/11/2016 തീയതിയിലെ G.O (Rt) No 1502/2016/PWD ഉത്തരവ് പ്രകാര നൽകിയ തത്വത്തിലുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ മലപ്പുറം PWD റോഡ്സ് വിഭാഗം |

| | | | | |
|---|---|---|---|---|
| | | | | മുഖേന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പ്രാഥമികഘട്ടത്തിൽ നടത്തിയിരുന്നു. എന്നാൽ പ്രസ്തുത അലൈൻമെൻറ് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് വളാഞ്ചേരി നിലംബൂർ റോഡിലെ വൈക്കത്തൂർ എന്ന സ്ഥലത്ത് നിന്ന് തുടങ്ങി കൊപ്പം വളാഞ്ചേരി റോഡ് വഴി പനവേൽ-കൊച്ചി-കന്യാകുമാരി നാഷണൽ ഹൈവേ 66 ലെ ഒണിയപാലം എന്ന സ്ഥലത്തു അവസാനിക്കുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് നിർദ്ദേശം ഉയർന്നു വന്നു. അതിൻറെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി-യിൽ നിന്നും പുതിയ അലൈമെന്റിലൂടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പുതുക്കിയ DPR തയാറാക്കുന്നതിന് ഡിസൈൻ വിങ്ങിനു നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 05-06-2024 തീയതിയിൽ RIQCL കോഴിക്കോട് വിഭാഗം KRFB ഉദ്യോഗസ്ഥരുമായി പ്രാഥമിക സ്ഥലപരിശോധന നടത്തിയിരുന്നു. ഇൻവെസ്റ്റിഗേഷൻ വർക്കുകൾ RIQCL നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. നിലവിൽ ഈ പ്രവൃത്തിയുടെ Reconnaissance സർവ്വെ പൂർത്തീകരിച്ചു മറ്റ് ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ